## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3598 17.10.2011-ൽ മറുപടിയ്ക്ക്**

### മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പ്രിന്റർ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു: | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പ്രിന്റർ തസ്തികയിൽ നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്; | (എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഒരു പ്രിന്റർ തസ്തികയാണുള്ളത്. ഈ തസ്തികയിൽ ഒരാൾ ദിവസവേതന അടിസ്ഥാനത്തിൽ ജോലിചെയ്യുന്നു. |
| (ബി) പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി. യിൽ നിന്ന് അവസാനമായി അഡ്വൈസ് ചെയ്തിരുന്ന 2 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ രണ്ടുപേരും ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ; | (ബി) രണ്ട് പേർക്കും നിയമന ഉത്തരവ് അയച്ചിരുന്നു. എന്നാൽ രണ്ടുപേരും ജോലിയിൽ പ്രവേശിച്ചിട്ടില്ല. |
| (സി) ഇല്ലെങ്കിൽ നിയമന ഉത്തരവ് നൽകിയിട്ട് എത്ര മാസമായി; ജോലിയിൽ പ്രവേശിക്കുന്നതിന് നിയമാനുസൃതമായ എക്സ്റ്റൻഷൻ വാങ്ങിയിരുന്നോ; ഈ കാലയളവ് എന്നേക്ക് കഴിയും; | (സി) നിയമന ഉത്തരവ് നൽകിയിട്ട് ഒരു വർഷത്തിലേറെയായി. ജോയിനിംഗ് ടൈം എക്സ്റ്റൻഷൻ സംബന്ധിച്ച അപേക്ഷ സർക്കാരിന്റെ പരിഗണന യിലാണ്. |
| (ഡി) എക്സ്റ്റൻഷൻ വാങ്ങിയില്ലാ എങ്കിൽ എൻ.ജെ.ഡി. റിപ്പോർട്ട് പി.എസ്.സി.ക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (ഡി) എക്സ്റ്റൻഷൻ അപേക്ഷയിന്മേൽ സർക്കാർ അന്തിമതീരുമാനമെടുക്കാത്ത തിനാൽ പ്രസ്തുത ഒഴിവ് പി.എസ്.സി.ക്ക് ഇപ്പോൾ റിപ്പോർട്ട് ചെയ്യാനാകില്ല. |
| (ഇ) എൻ.ജെ.ഡി. വേക്കൻസി എന്ന് റിപ്പോർട്ട് ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ? | (ഇ) എക്സ്റ്റൻഷന്റെ അപേക്ഷ സർക്കാർ പരിശോധിച്ച് തീർപ്പ് കൽപ്പിച്ചതിനു ശേഷം മാത്രമേ പ്രസ്തുത ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ